ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ ഉള്ളതായി അറിഞ്ഞു കൂടാ.

ആശുപത്രി റഷ്നലൈസേഷൻ കമ്മിറ്റി.

*683. (19) ഡാക്ടർ പി. കെ. സുകുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആശുപത്രികൾ സ്ഥാപിക്കുന്നതിനെപ്പറ്റി അന്വേഷിക്കാൻ നിയമിതമായ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചുകഴിഞ്ഞുവോ ;

(ബി) ഈ റിപ്പോർട്ട് എന്താണെന്നു വെളിപ്പെടുത്തുമോ ;

(സി) കൂടൽ ആംപ്പർപ്പും, പൊതുജനാരോഗ്യപ്രദമല്ലാത്ത പരിസരങ്ങളും നിറഞ്ഞതുമായ പെരിനാട് എന്ന ആശുപത്രികൾക്കു വേണ്ടി നാട്ടുകാരിൽ നിന്നു ഗവൺമെൻറിനു നിവേദനം ലഭിച്ചിട്ടുണ്ട് ;

(ഡി) പെരുമൺ എന്ന സ്ഥലത്തു ഒരു ആശുപത്രിക്കാവശ്യമായ സ്ഥലവും കെട്ടിടസൗധനങ്ങളും നാട്ടുകാർ സജ്ജമാക്കിയിട്ടുള്ളതു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതു് കഴിയുന്നതുംവേഗം ഒരാശുപത്രിയാക്കി നാട്ടുകാർക്കു് പ്രയോജനകരമാക്കി തീർക്കാനുള്ള പ്രായോഗിക നടപടികൾ ഗവൺമെൻറ് സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പ് മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) കമ്മിറ്റിയുടെ ശുപാർശകളെക്കുറിച്ചു ഗവൺമെൻറ് അവസാന തീരുമാനമെടുത്തശേഷം വെളിപ്പെടുത്തുന്നതാണു്.

(സി) ഒരു ആശുപത്രി സ്ഥാപിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടു്.

(ഡി) ആശുപത്രിക്കു വേണ്ട കെട്ടിടങ്ങൾ എല്ലാം തയ്യാറായിട്ടില്ല എന്നാണറിയുന്നതു്.

(ഇ) കെട്ടിടങ്ങളും സൗധനങ്ങളും ഗവൺമെൻറിനെ ഏല്പിച്ചു കഴിഞ്ഞാൽ ആശുപത്രി തുടങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണു്.

ശ്രീ. പ്രാക്കുളം മാസി : ഈ റിപ്പോർട്ട് സമർപ്പിച്ചതു് എന്നാണു് ?

ശ്രീ. എ. എ. റഹിം : ഏകദേശം ഒരു മാസം ആയി.

ശ്രീ. പ്രാക്കുളം മാസി : ഈ കമ്മിറ്റിയുടെ ശുപാർശയിന്മേലാണോ ആശുപത്രികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതു് ?

ശ്രീ. എ. എ. റഹിം : കമ്മിറ്റിയുടെ ശുപാർശയും നോക്കും.

ശ്രീ. പ്രാക്കുളം മാസി : ആശുപത്രികൾ സ്ഥാപിക്കുന്നതിനു് ഈ സ്ഥലത്തെ ആളുകൾ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള സ്ഥലവും സൗധനങ്ങളും എത്തിച്ചുകൊടുക്കണമെന്ന നിർദ്ദേശം ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : അങ്ങിനെയാണ്. ഇപ്പോൾ വച്ചിട്ടുള്ളത്.

ശ്രീ. ടി. ഒ. ദിവാകരൻ : ആയുർവേദ ആശുപത്രികളെ സംബന്ധിച്ചും ഈ നിർദ്ദേശം ഉണ്ടോ ?

ശ്രീ. എ. എ. റഹിം : ആയുർവേദ ആശുപത്രികളെ സംബന്ധിച്ച് പ്രത്യേകം നിർദ്ദേശം ഒന്നുമില്ല.

നാഗർകോവിൽ ക്ഷയരോഗാശുപത്രി.

* 684. [20] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിലെ "പ്ലാസ്റ്റിക് സ്കോപ്പി, പ്രാണിക് തുടങ്ങിയ ആപ്പറേഷൻ കേസുകൾ തൃപ്തികരമല്ലെന്ന കാണിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരിൽനിന്നാണു നിവേദനം ലഭിച്ചത് എന്നു വെളിപ്പെടുത്തുമോ ;

(സി) ആശുപത്രിയിലെ ശസ്ത്രക്രിയാശാലയും, ശസ്ത്രക്രിയോപകരണങ്ങളും മറ്റും തൃപ്തികരമല്ലെന്ന് പൊതുവേ ധാരണയുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ടി. ബി. ആശുപത്രിയിലെ മരുന്ന്, ചികിത്സ, പ്രവേശനം, ഡിസ്ചാർജ് ഇവയെപ്പറ്റിയും ആപ്പറേഷൻ കേസുകളെപ്പറ്റി പ്രത്യേകിച്ചും നിഷ്കൃഷ്ടമായി ഒരന്വേഷണം നടത്താൻ ഒരു വിദഗ്ദ്ധകമ്മിറ്റിയെ നിയമിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ-കൊച്ചി കമ്മ്യൂണിസ്റ്റ് പാർട്ടി പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. കെ. ഗോവിന്ദപ്പിള്ളയിൽ നിന്ന് ഒരു പരാതിയും ജനയുഗം പത്രത്തിൽ ഒരു രോഗി എന്ന കണിച്ച് പ്രസിദ്ധീകരിച്ച ഒരു കത്തുമാണ് ലഭിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ടി. ബി. ആശുപത്രിയിലെ ചികിത്സ, പ്രവേശനം, ഡിസ്ചാർജ് ആപ്പറേഷൻ ഇവയെപ്പറ്റിയുള്ള പരാതികളെക്കുറിച്ച് അന്വേഷണം നടത്തുകയും പരിഹാരം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്ക് ഒരു വിദഗ്ദ്ധകമ്മിറ്റിയുടെ ആവശ്യമുള്ളതായി തോന്നുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അന്വേഷണം നടത്തിയതു എന്നാണെന്നും എന്തെല്ലാം പരിഹാരമാണ് ഉണ്ടാക്കിയതെന്നും പറയാമോ ?

ശ്രീ. എ. എ. റഹിം : ഇക്കാര്യത്തെ സംബന്ധിച്ച് കഴിഞ്ഞ അസംബ്ലിയിൽ ഉണ്ടായ പരാതിയെ പറ്റി അന്വേഷണം നടത്തി, ആഹാരകാര്യത്തെ സംബന്ധിച്ചു വേണ്ട പരിഹാരം നൽകിയിട്ടുണ്ട്. അതല്ലാതെ വേറെ പരാതിയൊന്നും കിട്ടിയിട്ടില്ല. കൂടാതെ ഡിസ്ട്രക്ട് വിളിച്ചു

LIBRARY ARCHIVES Kerala Legislative Assembly